(ബി) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 26-9-2013-ൽ കത്ത് ലഭിച്ചിട്ടുണ്ട്.

(സി&ഡി) കത്തിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അംഗീകരിച്ച ഡിസൈൻ മാറ്റി ഡിസൈൻ ചെയ്യേണ്ടതായിട്ടുണ്ട്. പുതുക്കിയ ഡിസൈൻ തയ്യാറാക്കി എത്രയും വേഗം ഭരണാനുമതി നൽകുന്നതാണ്.

സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരമുള്ള കേന്ദ്ര സർക്കാർ വിഹിത വിനിയോഗം

283 (T 4034) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ഡീസൽ സെസ്സിന്റെ 50 ശതമാനം ഗ്രാമീണ റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന നിബന്ധന പ്രകാരം ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുക എത്ര എന്നും ഇതിൽ ഗ്രാമീണ റോഡ് വികസനത്തിന് എത്ര തുക ഓരോ വർഷവും ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പ് പ്രകാരം ദേശീയപാതാവികസനം, തീവണ്ടിപ്പാതയുടെ മുകളിലോ കീഴിലോ ഉള്ള റോഡുകൾ, ദേശീയപാതയൊഴികെയുള്ള റോഡുകൾ, അന്തർ സംസ്ഥാന റോഡ് പദ്ധതികൾ, കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഉപയോഗിക്കേണ്ട റിസർവ് ഫണ്ട് എന്നിവയ്ക്കായി ഓരോ വർഷവും ഈ സർക്കാർ കാലയളവിൽ എത്ര തുക ലഭിച്ചുവെന്നും എത്ര തുക ചെലവാക്കിയെന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) മേൽ പരാമർശിച്ച വിഭാഗങ്ങളിൽ നടപ്പുവർഷം ലഭിച്ച തുക എത്രയെന്നും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ഡീസൽ സെസ്സിന്റെ 50 ശതമാനം ഗ്രാമീണ റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന നിബന്ധന പ്രകാരം ഈ സർക്കാർ കാലയളവിൽ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് ഗ്രാമീണ റോഡു വികസനത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുകയും, ചെലവഴിച്ച തുകയും അനുബന്ധമായി* ചേർക്കുന്നു.

(സി) നടപ്പു സാമ്പത്തിക വർഷം മേൽ പരാമർശിച്ച വിഭാഗങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു (ജൂൺ മാസം വരെ).*

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ LAC-ADS-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

284 (4035) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ LAC-ADS-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ LAC-ADS-ൽ ഉൾപ്പെടുത്തി കെട്ടിട വിഭാഗം, നിരത്തു വിഭാഗങ്ങളിലായി നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിൽ നിരത്തു വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിന്റെ കീഴിൽ വക്കം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കെട്ടിടനിർമ്മാണം മാത്രം പൂർത്തീകരിച്ചിട്ടുണ്ട്.

(നക്ഷത്ര ചിഹ്നമിടാത്ത 3715, 3717, 3720, 3728, 3730, 3732, 3733, 3738, 3742, 3769, 3774, 3781, 3789, 3795, 3798, 3799, 3805, 3808, 3810, 3815, 3816, 3824, 3834, 3836, 3837, 3840, 3847, 3848, 3849, 3850, 3851, 3852, 3853, 3891, 3906, 3924, 3959 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly